## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 6336 | 31.10.2011 -ൽ മറുപടിയ്ക്ക്

### വന ആശ്രിതരുടെ ജീവനോപാധി വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ.എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>,, പി.സി. ജോർജ് | ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| എ) വന ആശ്രിതരുടെ ജീവനോപാധി വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് ? | എ) വനമേഖലയിൽ നടപ്പിലാക്കുന്ന എല്ലാ ജോലികളിലും വനത്തിനുള്ളിലും വനത്തിനോട് ചേർന്നും താമസിക്കുന്ന വനാശ്രിതർക്ക് മുൻഗണന നൽകി തൊഴിലവസരങ്ങൾ നൽകുകയും തദ്വാര അവരുടെ ജീവനോപാധി വർദ്ധിപ്പിക്കുന്നതിന് സഹായകരമാകുകയും ചെയ്യുന്നു. വനാശ്രിതർക്ക് സംരക്ഷണ വാച്ചർമാരായും, പ്ലാന്റേഷൻ വാച്ചർമാരായും, ടൂറിസ്റ്റ് ഗൈഡുകളായും വനം വകുപ്പിൽ തൊഴിലവസരങ്ങൾ ലഭിക്കുന്നു. കേന്ദ്ര വനാവകാശ നിയമം 2006 അനുശാസിക്കുന്ന പ്രകാരം ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നതിനും വിൽപ്പന നടത്തുന്നതിനുമുള്ള അവകാശം ആദിവാസികളിൽ നിക്ഷിപ്തമാണ്. ആദിവാസികൾ ശേഖരിക്കുന്ന തടിയേതര വന വിഭവങ്ങളുടെ പൂർണ്ണമായ നേട്ടം അവർക്ക് തന്നെ ലഭിക്കുക എന്ന ഉദ്ദേശം ലക്ഷ്യം വച്ചുകൊണ്ടാണ് സംസ്ഥാനത്ത് വനശ്രീ ഷോപ്പുകൾ പ്രവർത്തിക്കുന്നത്. വനമേഖലകളിൽ നടപ്പിലാക്കുന്ന ഇക്കോടൂറിസം വഴിയും വനാശ്രിതർക്ക് ജീവനോപാധി വർദ്ധിപ്പിക്കുന്നതിന് അവസരം ലഭിക്കുന്നു. |

സെക്ഷൻ ഓഫീസർ